**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഹെൽത്ത് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 2016 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണി യിലും പെട്ട 13 സർക്കാർ ആശുപത്രി കളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 462 ആശുപത്രികളിൽ ആരംഭിച്ചു കഴിഞ്ഞു. ഇതിൽ 165 എണ്ണം പൂർണമായും കടലാസ്സ് രഹിതമായിട്ടാണ് പ്രവർത്തി ക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; | (ബി) | വിവരശേഖരണത്തിന്റെ ഭാഗമായി ആധാർ അടിസ്ഥാന രേഖയാക്കി വ്യതിരക്ത തിരിച്ചറിയൽ കാർഡ് നൽകുന്നതിന് 2.59 കോടി ജനങ്ങളുടെ enrolment പൂർത്തിയായിട്ടുണ്ട്. മെമ്പർ സർവേ, ഹൗസ് സർവേ, വില്ലേജ് സർവേ എന്നിവ പുരോഗമിച്ചു വരുന്നു . |
| (സി) | പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് 2016 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 13 സർക്കാർ ആശു പത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 462 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിൽ 165 എണ്ണം പൂർണമായും കടലാസ്സ് രഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 234 ആശുപത്രികളിൽ 169 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമ ഘട്ടത്തിലാണ്. ബാക്കി വരുന്ന 65 ആശുപത്രികളിൽ വിവിധ തരത്തിലുള്ള കെട്ടിട നിർമ്മാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകര ണത്തിന് കാലതാമസം നേരിടുന്നു. നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള 234 ആശുപത്രികളിൽ പദ്ധതിക്കാ |

| | | | | |
|---|---|---|---|---|
| | | | | വശ്യമായ സജ്ജീകരണങ്ങൾ, ഭൗതിക സാഹചര്യങ്ങൾ എന്നിവ പൂർത്തിയാകുന്ന മുറക്ക് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്തുള്ള മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ- ഹെൽത്ത് പദ്ധതി ഘട്ടംഘട്ടമായി പൂർണതോതിൽ നടപ്പി ലാക്കുന്നതാണ്.<br><br>ഓരോ ആശുപത്രിക്കും പ്രത്യേ കമായി ലോക്കൽ ഏരിയ നെറ്റ് വർക്ക്, തടസ്സം കൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്, സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെ സ്ഥാപിക്കേണ്ടിവരുന്നതിനാൽ ഓരോ ആശുപത്രിയുടെയും നിലവാരം ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ആയതിനാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാൽ ഉണ്ടാകുന്ന ധന നഷ്ടം കണക്കിലെടുത്ത് കരുത ലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടത്തിവരുന്നത്. സംസ്ഥാനത്തിലെ മുഴുവൻ സർക്കാർ ആശുപത്രി കളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും വിവിധ വികസന പദ്ധതികളുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന ആശുപത്രികളിൽ നിർമ്മാണ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ